പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4403

27.06.2013 -ൽ മറുപടിയ്ക്ക്

സേവനാവകാശ നിയമം ലീഗൽ മെട്രോളജി വകുപ്പിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ.സെൽവരാജ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) സേവനാവകാശ നിയമം ലീഗൽ മെട്രോളജി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സേവനാവകാശ നിയമം ലീഗൽ മെട്രോളജി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സമയക്രമം എന്നിവ സേവനാവകാശ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ചുവടെ പറയുന്ന സേവനങ്ങളാണ് സേവനാവകാശ നിയമ പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ലഭിക്കുന്നത്<br>(i). അളവ് തൂക്ക ഉപകരണങ്ങളുടെ പുന:പരിശോധനയും മുദ്രവെയ്പ്പും.<br>(ii). അളവ് തൂക്ക ഉപകരണങ്ങളുടെ ആദ്യ പരിശോധനയും മുദ്രവെയ്പ്പും.<br>(iii) നിർമ്മാതാവ്, പായ്ക്കർ എന്നിവരുടെ രജിസ്ട്രേഷൻ.<br>(iv). അളവ് തൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമുള്ള ലൈസൻസുകൾ അനുവദിക്കൽ.<br>(v). റിപ്പയർ, ഡീലർ, മാനുഫാക്ചറിംഗ് ലൈസൻസുകളുടെ പുതുക്കൽ.<br>(vi). നിർമ്മാതാവ്, പായ്ക്കർ എന്നിവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ ഭേദഗതികൾ.<br>(vii). റിപ്പയർ, ഡീലർ, മാനുഫാക്ചറിംഗ് ലൈസൻസുകളിലെ ഭേദഗതികൾ.<br>(viii). റിപ്പയർ, ഡീലർ, മാനുഫാക്ചറിംഗ് ലൈസൻസുകളുടെ ഡ്യൂപ്ലിക്കേറ്റ് അനുവദിക്കൽ |

(ix). അളവ് തൂക്ക നിയമങ്ങളുടെ ലംഘനം സംബന്ധിച്ച പരാതികളിന്മേലുള്ള നടപടി.

(സി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) സേവനാവകാശ നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി നിയുക്ത ഓഫീസർമാരെയും, അപ്പീൽ അധികാരികളെയും നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം ലഭിക്കുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്താധികാരികൾ, അപ്പീൽ അധികാരികൾ, ഇവരുടെ ഫോൺ നമ്പർ, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ എല്ലാ ഓഫീസുകളിലും ബോർഡെഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ